പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2428 **27-10-2026-ൽ മറുപടിയ്ക്ക്**

നിയമസഭാംഗങ്ങളുടെ അഡീഷണൽ സ്റ്റാഫിന്റെ വേതന പരിഷ്കരണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. മഞ്ഞളാംകുഴി അലി ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ
വകുപ്പ് മന്ത്രി)

(എ) നിയമസഭാ അംഗങ്ങളുടെ അഡീഷണൽ സ്റ്റാഫുകളായി നിയമിക്കപ്പെടുന്നവർക്ക് നിലവിൽ എന്തെല്ലാം ആനുകൂല്യങ്ങൾക്കാണ് അർഹതയുള്ളത്; ഇവർക്ക് പ്രതിമാസം പരമാവധി ലഭിയ്ക്കുന്ന തുക എത്ര ആണ്; ഏറ്റവും ഒടുവിൽ ഇത് എന്നാണ് പരിഷ്കരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

മറുപടി: The payment of Salaries and Allowances Act, 1951-ലെ 8A വകുപ്പിലെ (5B) ഉപവകുപ്പ് പ്രകാരം സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ്, മന്ത്രിമാർ എന്നിവർ ഒഴികെയുള്ള എല്ലാ നിയമസഭാ സാമാജികരുടേയും സ്റ്റാഫിന് (2 പേർക്ക്) പ്രതിമാസം 20,000/- രൂപ നിരക്കിൽ സ്റ്റാഫ് അലവൻസിന് അർഹതയുണ്ട്. ഈ നിരക്ക് 2017 മുതലാണ് പ്രാബല്യത്തിൽ വന്നത്.

(ബി) പ്രസ്തുത അഡീഷണൽ സ്റ്റാഫുകൾക്ക് ദിവസവേതന ജീവനക്കാർക്ക് ലഭിക്കുന്ന പ്രതിമാസ വരുമാനം പോലും ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരുടെ വേതനം കാലോചിതമായി പരിഷ്കരിക്കുന്നതിനും മറ്റ് ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

മറുപടി: വേതനം (സ്റ്റാഫ് അലവൻസ്) പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പരിഗണിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ